1	2	3
ആലപ്പുഴ	127	133
കോട്ടയം	30	33
ഇടുക്കി	29	28
എറണാകുളം	54	46
തൃശ്ശൂർ	40	38
പാലക്കാട്	63	51
മലപ്പുറം	84	62
കോഴിക്കോട്	20	17
വയനാട്	9	9
കണ്ണൂർ	20	19
കാസർഗോഡ്	8	8
ആകെ	869	806

നീതി, നന്മ, തിവേണി സ്റ്റോറുകളുടെ നടത്തിപ്പിലെ ക്രമക്കേട്

96 (441) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡിന്റെ നീതി, നന്മ, തിവേണിസ്റ്റോറുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേട് നടക്കുന്നുവെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) അതുപ്രകാരം എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത് ;

(ഇ) ഇവർക്കെതിരെ എന്തുശിക്ഷാനടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാപകമായി ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച് കൺസ്യൂമർ ഫെഡറേഷനിലെ സീനിയറായ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രണ്ട് അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് പരിശോധന നടത്തിയിട്ടുണ്ട്.

(സി) സാമ്പത്തിക തിരിമറികൾ, അനധികൃതമായ അഡ്വാൻസുകൾ, അനുവാദം കൂടാതെ നടത്തിയ ദുർചെലവുകൾ, സ്റ്റോക്കിലെ തിരിമറി എന്നിവയാണ് പ്രധാനമായും കണ്ടെത്തിയ ക്രമക്കേടുകൾ.

(ഡി) മുൻ ചീഫ് മാനേജർ ശ്രീ. ആർ. ജയകുമാർ, എറണാകുളം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റീജിയണൽ മാനേജർ ശ്രീ. എം. എസ്. സമഗ്രൻ, പത്തനംതിട്ട ബിസിനസ് മാനേജർ ശ്രീ. എം. ഷാജി, തിരുവനന്തപുരം റീജിയണൽ മാനേജർ ഇൻ ചാർജ്ജ് ശ്രീ. സ്വീഷ് സുകുമാരൻ, തിരുവനന്തപുരം സീനിയർ മാനേജർ ശ്രീമതി ബി. എസ്. സെലീന, പി.ആർ.ഒ. തിരുവനന്തപുരം ശ്രീ. അബിനീഷ് പി.വി, സെയിൽസ് ഹെൽപ്പർ തിരുവനന്തപുരം ശ്രീ. ഡി. അഭിലാഷ്, പാലക്കാട് നീതി ഗോഡൗണിലെ ശ്രീമതി പി. വത്സല, തൃശ്ശൂർ സോണൽ ഓഫീസിലെ ശ്രീ. കെ. ജെ. ഷാജു, കൊല്ലം പുത്തൂർ ത്രിവേണിയിലെ ജീവനക്കാരനായ ശ്രീ. റ്റി. ഷമീർഖാൻ, പത്തനംതിട്ട ത്രിവേണി ഗോഡൗണിലെ ശ്രീ. സുനിൽ ചാക്കോ, ശ്രീമതി ശ്രീദേവി എന്നിവർ ദിവസവേതന ജീവനക്കാരനായ ശ്രീ. വൈശാഖ് എ., ആറ്റിങ്ങൽ വിദേശ മദ്യഷാപ്പുകളിലെ ശ്രീ. സനൽദത്ത്, അബ്കാരി ജീവനക്കാരനായ ശ്രീ. കമലാസനൻ, പത്തനംതിട്ട വിദേശ മദ്യഷാപ്പിലെ ശ്രീ. അജി എ. കെ., ജില്ലാ മാനേജർ ശ്രീ. പി.എസ്. സന്തോഷ്, പത്തനംതിട്ട റീജിയണൽ ഓഫീസിലെ ശ്രീ. കെ റോയിക്കുട്ടി, ദിവസവേതന ജീവനക്കാരനായ ശ്രീ. ശിവകുമാർ എന്നിവരാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്.

(ഇ) ഇവരിൽ ആർ. ജയകുമാർ, ശ്രീ. എം. ഷാജി, ശ്രീ. സ്വീഷ് സുകുമാരൻ, ശ്രീമതി സി. എസ്. സെലീന, ശ്രീ. അബിനീഷ് പി. വി., ശ്രീ. അഭിലാഷ്, ശ്രീ. ഷാജു, ശ്രീ. റോയിക്കുട്ടി, ശ്രീ. സുനിൽ ചാക്കോ, ശ്രീമതി ശ്രീദേവി, ശ്രീമതി പി. വത്സല, ശ്രീ. സനൽ ദത്ത്, ശ്രീ. കമലാസനൻ, ശ്രീ. അജി എ. കെ., ശ്രീ. പി. എസ്. സന്തോഷ്,

ശ്രീ. ഷമീർഖാൻ എന്നിവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ശ്രീ. എം. എസ്. സമഗ്രനെ സ്ഥലം മാറ്റി നിയമിക്കുകയും ദിവസ വേതന ജീവനക്കാരനായ ശ്രീ. ശിവകുമാർ, ശ്രീ. വൈശാഖ് എ. എന്നിവരെ ജോലിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ മേഖലയുടെ സമഗ്ര വികസനം

97 (442) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയത് ; ഏതെല്ലാം ഇനത്തിൽ എത്ര തുക ചെലവഴിച്ചു ; ഇനി ചെലവഴിക്കപ്പെടാനുള്ള തുക എത്ര ; വിശദമാക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ സഹകരണ മേഖലയുടെ വികസനത്തിനായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണി ഇടപെടലിനായി എത്ര തുക 2012-13,2013-14, 2014-15 വർഷങ്ങളിൽ ചെലവഴിച്ചു എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ത്രിവേണി മെഡിക്കൽ സ്റ്റോറുകൾക്കായി 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം സഹകരണ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന പദ്ധതിയിനത്തിൽ 8799.00 ലക്ഷം രൂപയും എൻ.സി.ഡി.സി. പദ്ധതിയിനത്തിൽ 3500.00 ലക്ഷം രൂപയും എൻ.ആർ.സി. (എൽ.റ്റി.ഒ) പദ്ധതിയിനത്തിൽ 3000 രൂപയും ഉൾപ്പെടെ 12299.03 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ചുവടെ ചേർക്കുംവിധം പദ്ധതി തുക ചെലവഴിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly